പതിമൂന്നാം കേരള നിയമസഭ
പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5413 28.07.2015-ൽ മറുപടിയ്ക്ക്

## ശ്മശാന ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

ചോദ്യം

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ

ശ്രീ. മഞ്ഞളാംകുഴി അലി
നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി

| | | | |
|---|---|---|---|
| (എ) | ശ്മശാനത്തിലെ പണിയെടുക്കുന്നതിനായി തിരുവിതാംകൂർ രാജാക്കന്മാരുടെ നിർദ്ദേശ പ്രകാരം ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്നവരുടെ പിൻതുടർച്ചക്കാരാണ് ഇപ്പോൾ ശ്മശാനത്തിൽ (ശാന്തികവാടം) പണിയെടുക്കുന്നവരെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ജീവനക്കാർക്ക് സർക്കാരിൽ നിന്നും നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ; | (എ) | ഇല്ല. തിരുവനന്തപുരം നഗരസഭയുടെ കീഴിൽ തൈക്കാട് പ്രവർത്തിക്കുന്ന ശ്മശാനമായ ശാന്തി കവാടത്തിൽ കുടുംബശ്രീ മുഖേനയും കരാർ അടിസ്ഥാനത്തിലും നിയമിച്ചവരാണ് പ്രവർത്തിച്ചുവരുന്നത്. ഇവർക്ക് സർക്കാരിൽ നിന്നും പ്രത്യേകിച്ച് ആനുകൂല്യമൊന്നും നൽകുന്നില്ല. |
| (ബി) | ശാന്തികവാടത്തിലെ ജീവനക്കാർക്ക് പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെടുത്തിയിട്ടില്ല. |
| (സി) | ശ്മശാന ജീവനക്കാരുടെ ആവശ്യങ്ങളെ സംബന്ധിച്ച് അവരുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | ഇതു സംബന്ധിച്ച് നിവേദനം കിട്ടുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ